നം.N3/21320/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 15/4/2016.

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് 2016 -2017 (NMMS exam held in November 2015) - അർഹരായ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:- 23/03/2016 ലെ ഇതേ നമ്പർ സർക്കുലർ.

****

2016-2017 അധ്യയന വർഷത്തിലെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ വിവരങ്ങൾ ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും പ്രധാനാധ്യാപകർ മുഖേനെ ശേഖരിച്ച് ഐടി @ സ്ക്കൂളിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തേണ്ട വിവരങ്ങളുടെ പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി 'സമ്പൂർണ്ണ' യ്ക്കു വേണ്ടി നൽകിയിട്ടുള്ള user name, pass word എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്. ശ്രദ്ധിക്കേണ്ട ചില പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- **ഈ വർഷം മുതൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) മുഖേനെയാണ് അർഹരായ കുട്ടികളുടെ ലിസ്റ്റ് കേന്ദ്രമാനവവിഭവ ശേഷി മന്ത്രാലയത്തിന് ലഭ്യമാക്കേണ്ടത്. ആയതിനാൽ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവിരങ്ങളും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.**
- **ലിസ്റ്റിൽ ആധാർ നമ്പർ ചേർത്തിട്ടുള്ള കുട്ടികളുടെ ആധാർ നമ്പർ ശരിയാണോ എന്ന് പരിശോധിക്കേണ്ടതും രേഖപ്പെടുത്തിയിട്ടില്ലാത്ത കുട്ടികളുടെ ആധാർ നമ്പർ ചേർക്കേണ്ടതുമാണ്.**
- **കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല.**
- **സ്കോളർഷിപ്പുമായി ബന്ധപ്പെട്ട പരാതികളിൽ ഭൂരിഭാഗവും ബാങ്ക് അക്കൗണ്ട് നമ്പരിലെ പിഴവ് മൂലമാണ് കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൃത്യസമയത്ത് ലഭിക്കാത്തത്. ആയതിനാൽ ശരിയായി തന്നെയാണ് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.**
- **20/05/2016 ന് മുൻപ് എല്ലാ കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

L PRASANNAKUMARI
Nodal Officer (Scholarship) &
P.A (Employment)
Directorate of Public Instruction
Thiruvananthapuram-14

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.